# താഴേക്ക് നോക്കുക

20 വർഷമായിട്ട് ഗൾഫിലാണ് അയാളും കുടുംബവും. എന്തോ ബിസിനസ്സാണെന്നാണ് എല്ലാവരും ധരിച്ചത്. അവരെ പറ്റി വിവരമൊന്നുമില്ലായിരുന്നു. വേണ്ടപ്പെട്ടവർ അന്വേഷിച്ചതുമില്ല. ഈയടുത്ത കാലത്ത് അവരെപറ്റി ചിലതെല്ലാം നാട്ടിൽ കേട്ടുതുടങ്ങി. തുടർന്ന് നടന്ന അന്വേഷണത്തിലാണ് സംഗതിയുടെ നിജസ്ഥിതി ഞങ്ങൾ അറിഞ്ഞത്.

അയാൾ പലരിൽ നിന്നുമായി കുറെ പണം ശേഖരിച്ചു ചില കൂട്ടുകാരുടെ കൂടെ ബിസിനസ്സിൽ ഏർപ്പെട്ടു. അൽപം കഴിഞ്ഞു, ഷയറുകാരിൽ ഒരു വിരുതൻ ഉള്ള പണവുമായി മുങ്ങി. കൂട്ടത്തിൽ അയാൾ നടത്തിയിരുന്ന ചിട്ടിയുടെ കുറെ പണവുമുണ്ടായിരുന്നു. സംഗതി പൊളിഞ്ഞു. വിരുതനെ പലയിടത്തും അന്വേഷിച്ചു. വിവരമൊന്നും കിട്ടിയില്ല. ഭീമസംഖ്യയുടെ കടബാധിതനായെങ്കിലും നിരാശനാകാതെ അയാൾ പിന്നെയും അൽപം കൂടി പണം പലരിൽനിന്നായി സംഘടിപ്പിച്ചു വീണ്ടും ബിസിനസ്സിൽ ഏർപ്പെട്ടു. അതിനും അൽപായുസ്സേ ഉണ്ടായിരുന്നുള്ളു. ഇപ്രാവശ്യവും അയാൾ വഞ്ചിക്കപ്പെട്ടു.

പണവും സ്വസ്ഥതയും നഷ്ടപ്പെട്ട അയാൾക്ക് പുറത്തിറങ്ങാൻ കഴിയാതെയായി. ജോലിയൊന്നും ശീലിച്ചിട്ടില്ലാത്തതിനാൽ ആ വഴിക്കുള്ള അന്വേഷണവും പരാജയപ്പെട്ടു. പുറത്തിറങ്ങാൻ കഴിയാത്ത അവസ്ഥ. തിന്നാൻ പോലുമില്ലാതെ അയാളും കുടുംബവും ഫ്ളാറ്റിൽ തന്നെ അടച്ചിരിപ്പായി. കുട്ടികൾ സ്കൂളിൽ പോകാതെയായി.

നാട്ടിൽ അവർക്ക് സ്വത്തൊന്നുംണ്ടായിരുന്നില്ല, ഒരു തുണ്ടു ഭൂമി പോലും. വിവാഹപ്രശ്നത്താൽ സ്വന്തം വീടുകളിൽനിന്ന് ബഹിഷ്കൃതരും. അതിനാൽ തിരിച്ചുപോകാനുള്ള പ്രതീക്ഷ അവർക്കുണ്ടായിരുന്നില്ല.

ഏതോ സന്നദ്ധസംഘടനാ പ്രവർത്തകർ അവരെ കണ്ടെത്തുമ്പോൾ ആ കുടുംബം തീർത്തും അവശരായിക്കഴിഞ്ഞിരുന്നു. പനിപിടിച്ച മക്കൾക്ക് കാവലിരിക്കുകയായിരുന്നു അയാളും ഭാര്യയും.

അവരുടെ സ്ഥിതി സന്ദർശിച്ച ഒരാളുടെ വാക്കുകൾ: 'അവരുടെ സ്ഥിതി നേരിൽ കണ്ടപ്പോഴാണ് നാം സ്വർഗത്തിലാണെന്ന് ബോധ്യപ്പെട്ടത്. എത്തിച്ചു കൊടുത്ത ഭക്ഷണം സന്തോഷക്കണ്ണീരോടെ അവർ കഴിക്കുന്നതു കണ്ടപ്പോൾ കൂടെ കരയാതിരിക്കാൻ സാധിച്ചില്ല.'

'ധൂർത്തടിച്ചു ജീവിച്ച മനുഷ്യനാ ഇത്. ഇപ്പോൾ നോക്ക് അയാളുടെ സ്ഥിതി.' ഒരു കൂട്ടുകാരൻ എന്റെ ചെവിയിൽ മന്ത്രിച്ചു.

നമ്മിൽ പലരും താഴോട്ട് നോക്കാറില്ല, കഴിഞ്ഞതിനെക്കുറിച്ച് അധികമൊന്നും ഓർക്കാറുമില്ല. താഴേക്ക് നോക്കുമ്പോഴാണ് ദൈവത്തിന്റെ അനുഗ്രഹം എത്ര വലുതാണെന്ന് നമുക്ക് തിരിച്ചറിയാൻ സാധിക്കുക. നിങ്ങൾ മുകളിലേക്ക് നോക്കരുത്, നിങ്ങളെക്കാൾ താഴെയുള്ളവരിലേക്ക് നോക്കുക. എങ്കിലേ നിങ്ങൾക്ക് ദൈവാനുഗ്രഹങ്ങളോട് നന്ദി കാണിക്കാൻ സാധിക്കുകയുള്ളു എന്ന് മുഹമ്മദ് നബി അരുളിയത് ഏറെ അർഥവത്താകുന്നു.

ഇവിടെ ചില പാഠങ്ങൾ നമുക്കുണ്ട്. അയാളുടെ ബിസിനസ്സിൽ സംഭവിച്ച പോരായ്മകളല്ല സൂചിപ്പിക്കുന്നത്. മറ്റു ചില കാര്യങ്ങൾ:

1. തന്റെയും സന്താനങ്ങളുടെയും ഭാവി മുമ്പിൽ വെച്ചുകൊണ്ടാകണം ധനം കൈകാര്യം ചെയ്യേണ്ടത്. അതിൽ പരാജയപ്പെട്ടാൽ ജീവിതമാണ് നശിക്കുക.

2. ദൈവം മനുഷ്യന് നൽകിയിട്ടുള്ള എല്ലാ ഭൗതിക വിഭവങ്ങളും താൽക്കാലികമാകുന്നു. ദൈവത്തിൽനിന്നുള്ള പരീക്ഷണാർഥമായോ അനുഗ്രഹമായോ ആണ് അവനത് മനുഷ്യർക്ക് നൽകിയിട്ടുള്ളത്.

3. നാം അനുഭവിക്കുന്ന വിഭവങ്ങൾ ഏതായാലും ശരി, അത് നാം തനിച്ചല്ല അനുഭവിക്കേണ്ടത്, മറ്റു പലരും അതിൽ പങ്കാളികളാണ്. ആവശ്യക്കാരെയും അവശരെയും ചോദിച്ചുവരുന്നവരെയുമൊക്കെ സഹായിക്കേണ്ടത് ധനാഢ്യരുടെ ബാധ്യതയാകുന്നു. അഭിമാനം മൂലം ചോദിക്കാത്തവരും എന്നാൽ അവശാതയനുഭവിക്കുന്നവരുമുണ്ടാകാം. അവരെ കണ്ടറിഞ്ഞു സഹായിക്കേണ്ടതും ധനാഢ്യരുടെ ബാധ്യതയാകുന്നു.

4. ധനം ദൈവദാനമാകുന്നു. അതിൽ ക്രയവിക്രയം ചെയ്യുന്നത് ആസൂത്രണത്തോടും സൂക്ഷ്മതയോടും കൂടിയാകണം. മനുഷ്യരോടല്ല അതിനെ പറ്റി അന്തിമമായി കണക്ക് പറയേണ്ടത്, സാക്ഷാൽ യജമാനനായ ഏകദൈവത്തോടാകുന്നു.

ദൈവത്തിന്റെ അനുഗ്രഹം അവൻ നിശ്ചയിക്കുന്ന സമയം മാത്രമേ നമ്മോടൊപ്പമുണ്ടാവുകയുള്ളു. അത് കഴിഞ്ഞാൽ അവനത് നീക്കിക്കളഞ്ഞേക്കാം. അതിൽ നിരാശരാകരുത്. കൂടുതൽ പ്രതീക്ഷയോടെ വീണ്ടും അധ്വാനിക്കുക.

ദൈവത്തിന്റെ അനുഗ്രഹം അനുഭവിക്കുന്ന കാലത്ത് പ്രത്യേകിച്ച് കൂടുതൽ കൃതജ്ഞത കാണിക്കാൻ നാം നിർബന്ധിതരാകുന്നു. അപ്പോൾ മാത്രമേ അത് ശാശ്വതമായിരിക്കുകയുള്ളു. അഥവാ, ഒരു പരീക്ഷണത്തിൽ അവൻ അകപ്പെടുത്തിയാൽ അതിൽനിന്ന് രക്ഷപ്പെടുന്നത് ക്ഷേമകാലത്തും സൂക്ഷ്മതയും കൃതജ്ഞതയും പാലിച്ചു ജീവിക്കുന്നവർ മാത്രമാകുന്നു. സന്തോഷമുണ്ടായാലും ദുഃഖമുണ്ടായാലും ദൈവാനുഗ്രഹങ്ങളോട് നന്ദികാണിക്കലത്രെ മനുഷ്യബാധ്യത.